**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **08-12-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി സൗഹൃദ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ടിൽ രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ ദിവസ വേതനം നൽകുന്ന സംസ്ഥാനമായി കേരളത്തെ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്; 19-11-2022 തീയതി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "Handbook of Statistics on Indian States, 2021-22" പ്രകാരം കേരളത്തിൽ ജോലി ചെയ്യുന്ന നിർമ്മാണ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 837.30 രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തെക്കാൾ ഉയർന്ന നിരക്കിലാണ്. പ്രസ്തുത വിവരം വിലയിരുത്തുമ്പോൾ രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ദിവസ വേതനം നൽകുന്ന സംസ്ഥാനമായി കേരളത്തെ കണക്കാക്കപ്പെട്ടിരിക്കുന്നു. |
| (ബി) | ഇപ്രകാരം ദേശീയ തലത്തിൽ അംഗീകാരത്തിന് പ്രാപ്തമാക്കുന്ന നിലയിൽ സംസ്ഥാനത്തെ തൊഴിൽ മേഖലയെ മാറ്റുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ദേശീയ തലത്തിൽ അംഗീകാരത്തിന് പ്രാപ്തമാക്കുന്ന നിലയിൽ സംസ്ഥാനത്തെ തൊഴിൽ മേഖലയെ മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്കായി സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 2016 ജൂൺ മുതൽ 2022 ഒക്ടോബർ വരെ 66 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതനം നിശ്ചയിക്കുന്നതിനും കാലോചിതമായി അവ പുതുക്കുന്നതിനും ആയി മിനിമം വേജസ് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുകയും മിനിമം വേതന നിയമം അനുശാസിക്കുന്ന രീതിയിൽ തൊഴിലാളി-തൊഴിലുടമ പ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മിനിമം വേതനം നിശ്ചയിക്കുമ്പോൾ അടിസ്ഥാന വേതനത്തിന് പുറമെ ക്ഷാമബത്തയും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്നുണ്ട്. ടി ക്ഷാമബത്ത വ്യത്യാസപ്പെടുന്നത് അനുസരിച്ച് പ്രതിദിന വേതനത്തിൽ വർദ്ധനവ് ഉണ്ടാകുന്നു. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള നിർമ്മാണ മേഖല, ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൈവറ്റ് ഹോസ്പിറ്റൽസ്, മൈനർ പോർട്ട്, സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ് പ്രോഡക്ട്സ്, ഫോറസ്റ്റ്, കേബിൾ ടി.വി തുടങ്ങിയ മേഖലകളിൽ നിലവിലെ പ്രതിദിന വേതനം 700/- രൂപയ്ക്ക് മുകളിലാണ്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കാറുമുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗാർ എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനത്തിലെ അന്തരം പരിഹരിക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| (സി) | തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന നിലയിൽ ഇവിടേയ്ക്ക് എത്തുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തു വരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും ശുചിത്വവും സുരക്ഷിതത്വവുമുള്ള താമസ സൗകര്യം ഉറപ്പുവരുത്തുന്നതിനായി ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട് ലി റസിഡൻസ് ഇൻ കേരള (ആലയ്), അപ്നാഘർ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഇതരസംസ്ഥാന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനും ബാങ്കിംഗ്, ആരോഗ്യ, യാത്ര സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും പരിഹാരം കാണുന്നതിനുമായി എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി ഫെസിലിറ്റേഷൻ സെന്റർ വഴി തൊഴിലാളികൾക്ക് അർഹമായ നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്കരിക്കുന്നതിനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒരു പരിധി വരെ ഒഴിവാക്കുന്നതിനും കഴിയുന്നുണ്ട്.<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിനെ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. |

| | | | |
|---|---|---|---|
| | | | സമൂഹത്തിന് മഹാവിപത്തായി മാറിക്കൊണ്ടിരിക്കുന്ന ലഹരിയുടെ ഉപയോഗം സംബന്ധിച്ച് അതിഥി തൊഴിലാളികളുടെ ഇടയിൽ വ്യാപകമായ പ്രചാരണം നടത്തുന്നതിന് തൊഴിൽ വകുപ്പിന്റെ 'കവച് 2022' എന്ന പേരിലുള്ള പരിപാടിയിലൂടെ സാധിച്ചു.<br><br>മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ അതിഥി തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡ് വിതരണവും ആരോഗ്യ പരിരക്ഷയും ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. 31.08.2022 വരെ 516320ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ തൊഴിലും ക്ഷേമവും ഉറപ്പു വരുത്തുന്നതിനായി 1979 ലെ Interstate Migrant Workmen (Regulation of Employment & Conditions of Service) Act ഉം നിലവിലുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും അതിഥി തൊഴിലാളികൾക്ക് മരണാനന്തര ആനുകൂല്യം, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവ ധനസഹായം എന്നീ ആനുകൂല്യങ്ങളും അർഹതയ്ക്കനുസരിച്ച് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ